## വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR)

വിഷയം: വനിതാ-ശിശു വികസന വകുപ്പ് – ജീവനക്കാര്യം – വകുപ്പിലെ ക്ലാർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ തീയതി 03/01/2014.
2. സ.ഉ. (പി) നം. 21/2014/ഉ.ഭ.പ.വ തീയതി 19/07/2014.
3. സ.ഉ. (പി) നം. 16/2015/ഉ.ഭ.പ.വ തീയതി 28/05/2015.
4. സ.ഉ. (പി) നം. 6/2019/ഉ.ഭ.പ.വ തീയതി 24/08/2019.
5. G.O.(P) No 4/2020/P&ARD Dt 22/01/2020.
6. സ.ഉ. (അച്ചടി) നം 6/2022/ ഉ.ഭ.പ.വ തീയതി 21/07/2022.
7. 02/02/2023 ലെ വനിതാ-ശിശു വികസന ഡയറക്ടറുടെ WCD/E8/5168/2021 നമ്പർ ഉത്തരവ്.
8. 08-10-2024 ലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/2795/ 2022-E4 നമ്പർ ഉത്തരവ് .
9. 26-10-2024 ലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/2795/ 2022-E4 നമ്പർ ഉത്തരവ് .
10. 26-10-2024 ലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/2795/ 2022-E4 നമ്പർ ഉത്തരവ്.
11. 01-02-2025 ലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/86/ 2025-E1 നമ്പർ ഉത്തരവ്.

**ഉത്തരവ് നം. DWCD/1100/2025-E4 തീയതി: 20-03-2025**

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലാർക്ക്, എൽ ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോരിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നതിന് പരാമർശം 1 മുതൽ 6 വരെയുള്ള സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് തസ്തിക മാറ്റം വഴി ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് ജീവനക്കാരുടെ സംസ്ഥാനതല സംയുക്ത സീനിയോരിറ്റി ലിസ്റ്റ് പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ. നം. 39 വരെയുള്ളവർക്ക് പരാമർശം (8) പ്രകാരം ക്ലാർക്കായി ബൈട്രാൻസ്ഫർ നിയമനം നൽകിയതിലൂടെ വകുപ്പിൽ 20 ജീവനക്കാർ ഈ വിഭാഗത്തിൽ സേവനമനുഷ്ഠിച്ചു വന്നിരുന്നു. ബൈ ട്രാൻസ്ഫർ നിയമനം വഴി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച സേവനമനുഷ്ഠിച്ചിരുന്ന ഒരു ജീവനക്കാരൻ വകുപ്പ് വിട്ടു പോയത് പ്രകാരം തസ്തിക മാറ്റ നിയമനത്തിനായി 1 ഒഴിവു ഉണ്ടായിട്ടുണ്ട്.

പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. ഇ കെ പ്രേമ (സീനി. നം. 40) വകുപ്പ് വിട്ടുപോവുകയും, മുതുകുളം അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. അനിൽകുമാർ എസ് (സീനി. നം. 41), മാവേലിക്കര ശിശു വികസന പദ്ധതി ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. വിനോദ് എസ് (സീനി. നം. 42) എന്നിവർക്ക് ക്ലാർക്ക് തസ്തികയിലെ നിയമനം ആവശ്യമില്ലായെന്ന് അറിയിച്ച സാഹചര്യത്തിൽ ടി ജീവനക്കാരുടെ തസ്തികമാറ്റ നിയമനം സ്ഥിരമായി റിലിൻക്വിഷ് ചെയ്യുകൊണ്ട് പരാമർശം (9) (10) പ്രകാരം ഉത്തരവായിട്ടുമുണ്ട്.

അതിൻ പ്രകാരം സംസ്ഥാന തല സംയുക്ത സീനിയോരിട്ടി ലിസ്റ്റിൽ ക്രമ. നം. 40 മുതൽ 4 3 വരെ ഉൾപ്പെട്ടവരിൽ ഒരു ജീവനക്കാരൻ ചുവടെ വിവരിക്കും പ്രകാരം ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം ലഭിക്കുന്നതിനു അർഹനാണ്.

| ജീവനക്കാരുടെ പേര്, തസ്തിക. | സംയുക്ത സീനിയോറിറ്റി ലിസ്റ്റിലെ ക്രമ. നം. | അഭിപ്രായം |
|---|---|---|
| ശ്രീമതി. ഇ കെ പ്രേമ | 40 | വകുപ്പ് വിട്ടു പോയി |
| ശ്രീ. അനിൽകുമാർ എസ് | 41 | സ്ഥിരമായി റിലിങ്കിഷ് ചെയ്തു |
| ശ്രീ. വിനോദ് എസ് | 42 | സ്ഥിരമായി റിലിങ്കിഷ് ചെയ്തു |
| ശ്രീ. സതീഷ് കുമാർ എ കെ | 43 | തസ്തിക മാറ്റ നിയമനത്തിനു അർഹനാണ്. |

ഈ സാഹചര്യത്തിൽ, വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരും ഉൾപ്പെട്ട സംസ്ഥാന തല സംയുക്ത സീനിയോരിട്ടി ലിസ്റ്റിലെ ഒരു ജീവനക്കാരന് ചുവടെ പറയും പ്രകാരം അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ജീവനക്കാരുടെ പേര്, തസ്തിക, കാര്യാലയം | സംയുക്ത സീനിയോറിറ്റി ലിസ്റ്റിലെ ക്രമ. നം. | തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|
| ശ്രീ. സതീഷ് കുമാർ എ കെ,<br>PEN: 212308<br>ഓഫീസ് അറ്റൻഡന്റ്,<br>ICDS ചെങ്ങന്നൂർ. | 43 | ICDS വെള്ളാങ്ങല്ലൂർ, തൃശ്ശൂർ |

സംസ്ഥാനതല സംയുക്ത സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുള്ള ജില്ലയിൽ തസ്തിക മാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് ടിയാളുകളുടെ മാതൃ ജില്ലയിൽ അപേക്ഷ പ്രകാരം സർവ്വീസ് സീനിയോരിറ്റി പാലിച്ച് സ്ഥലം

മാറ്റം അനുവദിക്കുന്നതാണ്. ഇത്തരത്തിൽ മാത്ര ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ തസ്തിക മാറ്റം നിയമനം ലഭിച്ച തീയതിയെ അടിസ്ഥാനമാക്കിയാണ് സർവ്വീസ് സീനിയോരിറ്റി നിർണ്ണയിക്കുന്നത്.

തസ്തികമാറ്റ നിയമനം മുഖേനെ ക്ലാർക്ക് തസ്തികയിൽ നിയമനം അനുവദിച്ച ജീവനക്കാർക്ക് നിയമാനുസൃത ശമ്പള നിർണ്ണയത്തിനു അർഹതയുണ്ടായിരിക്കും. ജീവനക്കാർ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും. തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് അർഹമായ പ്രവേശന കാലത്തിനും യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

വകുപ്പിലെ ജീവനക്കാരുടെ 2025 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയും ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും മറ്റ് നടപടികൾക്കുമായി മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് പരാമർശം (11) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരനെ നിയമിക്കുന്ന കാര്യാലയം 2025 ലെ പൊതു സ്ഥലംമാറ്റത്തിൽ ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും പൊതുസ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയത്തിലേയ്ക്ക് ഇപ്പോൾ നിയമിക്കുന്നയാളെ മാറ്റി നിയമിക്കുന്നതുമാണ്.

(ഒപ്പ്)
**വനിതാ-ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ് :

1. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ/തൃശ്ശൂർ.
2. പ്രോഗ്രാം ഓഫീസർ, ആലപ്പുഴ/തൃശ്ശൂർ.
3. ശിശു വികസന പദ്ധതി ഓഫീസർ, ICDS ചെങ്ങന്നൂർ/ICDS വെള്ളാങ്ങല്ലൂർ
4. സൂപ്രണ്ട് ഐടി സെൽ(വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്